ചിലത്, റബ്ബർക്കൃഷി ചെയ്യുവാനുള്ള പദ്ധതി, പ്രിമോ പൈപ്പ് ഫാക്ടറിയുടെ വികസനം, പുതിയ വ്യവസായ യൂണിറ്റുകളുടെ സ്ഥാപനം എന്നിവയാണ്. ഈ പദ്ധതികളുടെ വിശദാംശങ്ങളും തയ്യാറാക്കിവരുകയും അവ അപ്പോഴപ്പോൾ കേന്ദ്രഗവൺമെൻറിന്റെ അംഗീകാരത്തിനു സമർപ്പിക്കയും ചെയ്യുന്നുണ്ട്. കേന്ദ്രാനുമതി കിട്ടിക്കഴിഞ്ഞാലുടൻ തന്നെ പ്രവർത്തനം തുടങ്ങുന്നതിനുവേണ്ടി നാമമാത്രമായ തുകകളും ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്. കിൻഫ്രാട്രിയേറ്റേഴ്സ് കോവപ്പറേറ്റീവ് ഫിനാൻസ് ഡെവലപ്പുമെൻറ് ബാങ്കിൽ ഓഹരി എടുക്കുന്നതിന് ഒരു ലക്ഷം രൂപാ വകയിരുത്തിയിട്ടും ഉണ്ട്.

തൊഴിലില്ലായ്മ

തൊഴിലില്ലായ്മ ഗവൺമെൻറിന്റെ സത്വര ശ്രദ്ധ അർഹിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിരവധി പദ്ധതികളും ഗവൺമെൻറിന്റെ പര്യാലോചനയിലിരിക്കുകയാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടിയുള്ള സാമ്പത്തികസഹായം കേന്ദ്ര ഗവൺമെൻറിൽനിന്നും മറ്റു മാർഗ്ഗങ്ങളും വഴിയായും പ്രതീക്ഷിക്കാവുന്നതാണ്. സാങ്കേതിക പരിജ്ഞാനമുള്ളവർക്ക് സ്വന്തമായി വ്യവസായങ്ങളും ആരംഭിക്കുന്നതുന്നതിനു ബാങ്കുകളിൽനിന്നും മറ്റും സഹായം ലഭിക്കുന്നതാണ്. അടുത്തവർഷത്തിൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്ന ചില പരിപാടികൾക്കായി ടോക്കൺ സംഖ്യ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സാങ്കേതിക പരിജ്ഞാനമുള്ള തൊഴിൽ രഹിതരുടെ ഉന്നമനത്തിനുവേണ്ടി വ്യവസായ പരിശീലന സ്ഥാപനങ്ങളോടനുബന്ധിച്ച് ഉൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പദ്ധതിയാണ് ഇപ്പോൾ മുന്നിലുള്ളത്.

ഈ പ്രശ്നത്തിന് ഒരു ബഹുമുഖമായ പരിഹാരമാർഗ്ഗം കണ്ടെത്തുന്ന കാര്യത്തിൽ ഒട്ടും ഉപേക്ഷ കാണിക്കുകയില്ലെന്നും, പുതിയ പദ്ധതികൾക്ക് മുൻഗണനാക്രമം നിശ്ചയിക്കുമ്പോൾ അവയുടെ തൊഴിൽ സാദ്ധ്യത പ്രത്യേകം കണക്കിലെടുക്കുന്നതാണെന്നും സഭയ്ക്ക് ഉറപ്പു നൽകുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചു കൊള്ളുന്നു.

സാമൂഹ്യക്ഷേമം

പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ സാമൂഹ്യക്ഷേമപരിപാടികളിൽ പ്രമുഖസ്ഥാനം വഹിക്കുന്നു. ഹരിജനക്ഷേമപ്രവർത്തനങ്ങളിൽ വിദ്യാഭ്യാസത്തിനാണ് പ്രാധാന്യം. വർഷംതോറും പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉദാരമായ സ്കോളർഷിപ്പ് നൽകുന്നതിനായി ഗണ്യമായ തുക നീക്കിവയ്ക്കാറുണ്ട്. ഇത് അവർക്ക് ഉന്നത വിദ്യാഭ്യാസം നേടുന്നതിനും, അതുവഴി സമൂഹത്തിൽ അർഹമായ സ്ഥാനം കരസ്ഥമാക്കുന്നതിനും വേണ്ടുവോളം അവസരം സൃഷ്ടിക്കുന്നു. വിവിധ മൽസരപ്പരീക്ഷകൾക്ക് ഹരിജന വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിനുവേണ്ടി പ്രത്യേക പരിശീലനം നൽകുന്ന പരിപാടിയും നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ സർവ്വീസിന്റെ വിവിധ തുറകളിൽ മതിയായ പ്രാതിനിധ്യം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഉദ്യോഗലബ്ധിയിലുള്ള അവരുടെ പുരോഗതി അവലോകനം ചെയ്യുന്നതിനും വേണ്ടി സെക്രട്ടേറിയേറ്റിൽ പ്രത്യേകമായി ഒരു എംപ്ലോയ്മെൻറ് സെൽ രൂപീകരിച്ചിട്ടുണ്ട്. സ്വന്തമായി തൊഴിൽ ഏർപ്പെടുന്നതിനു കഴിവ് ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി കൂടുതൽ സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്ത നെയ്ത്ത്, പായനെയ്ത്ത് മുതലായ തൊഴിലുകളിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതികളും

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിവരുന്നു. സ്വന്തം നിലയിൽ ഏതെങ്കിലും വ്യവസായമോ, തൊഴിലോ, കച്ചവടമോ, ആരംഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും, അതിനാവശ്യമുള്ള മൂലധനം ലഭ്യമാക്കുന്നതിനുമുള്ള പരിപാടികളും തൊഴിൽ പരിശീലനത്തെത്തുടർന്ന് നടപ്പാക്കേണ്ടതാണെന്ന് ഗവൺമെൻറു കരുതുന്നു. ഈ ഉദ്ദേശം മുൻനിറുത്തി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്നവർക്ക് സാമ്പത്തികസഹായം നൽകുന്നതിന്, ഒരു കോർപ്പറേഷൻ രൂപീകരിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു. ഇതിന് അവസാനരൂപം നൽകിക്കഴിഞ്ഞിട്ടില്ലാത്തതുകൊണ്ട് ഒരു ടോക്കൺ സംഖ്യ മാത്രമേ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളൂ.

ചില ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകളും, ഗവൺമെൻറിൻെറ ധനസഹായത്തോടുകൂടി ചില സ്വകാര്യ സ്ഥാപനങ്ങളും നടത്തിവരുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യുന്നതിന് ഒരു സാമൂഹ്യക്ഷേമ ബോർഡ് രൂപീകരിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു. ഇതിലേക്ക് ഒരു ടോക്കൺ സംഖ്യ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ഭവന നിർമ്മാണം

പാർപ്പിടം ഒരു പ്രാഥമികാവശ്യമാണ്. കേരളത്തെപ്പോലെ ജനപ്പെരുപ്പമുള്ള ഒരു സംസ്ഥാനത്ത് ഇക്കാര്യത്തിലുള്ള ഉപേക്ഷ ആരോഗ്യത്തേയും ശുചിത്വത്തേയും സംബന്ധിച്ചിടത്തോളം സ്ഫോടനാത്മകമായ ഒരു അവസ്ഥ സൃഷ്ടിക്കാവുന്നതാണ്. ഭവന നിർമ്മാണ പരിപാടികളെ ത്വരിതപ്പെടുത്തുന്നതിന്, വിലങ്ങുതടിയായി നിൽക്കുന്നത് സംസ്ഥാനത്തിൻെറ സാമ്പത്തിക പരാധീനതകളാണ്. വർഷംതോറും ഗവൺമെൻറു നീക്കിവയ്ക്കാറുള്ള പരിമിതമായ തുകകൾ ഈ പ്രശ്നപരിഹാരത്തിന് കാര്യമായ പുരോഗതിയുണ്ടാക്കുവാൻ പര്യാപ്തമായിട്ടില്ല. അതിനാൽ ഗവൺമെൻറ് ഒരു ഭവനനിർമ്മാണ ബോർഡ് സ്ഥാപിക്കുന്നതിനും, അതുവഴി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ധനസഹായം നേടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതിനാൽ നിർദ്ദിഷ്ടമായ ഭവനനിർമ്മാണ ബോർഡിൻെറ സ്ഥാപനം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഭവമാണെന്നും ഈ സംസ്ഥാനത്തെ തീക്ഷ്ണമായ പാർപ്പിട പ്രശ്നത്തിൻെറ പരിഹാരത്തിന് ബോർഡ് നൂതനമായ ഒരു സരണിയിലൂടെ ചലിക്കുമെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ.

പ്രസ്തുതബോർഡ് സംഘടിപ്പിക്കുന്നത് പ്രതീക്ഷിച്ചുകൊണ്ട് സാധാരണഗതിയിൽ വിവിധ ഭവനനിർമ്മാണ പദ്ധതികൾക്കായി ഒരു കോടിയോളം രൂപാ നീക്കിവച്ചിട്ടുണ്ട്. ഇതിനും പുറമേ 30 ലക്ഷം രൂപാ പോലീസുകാർക്കുള്ള ഭവന നിർമ്മാണത്തിനായും ചേർത്തിരിക്കുന്നു.

ധനകാര്യവികസന കോർപ്പറേഷനുകൾ

സംസ്ഥാനത്തെ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾക്ക് ജലവിതരണം, ഡ്രെയിനേജ്, പന്തകൾ, റോഡുകൾ, വാണിജ്യസ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള വികസനപദ്ധതികൾക്കു വേണ്ടി ഗണ്യമായ തോതിലുള്ള ധനസഹായം ആവശ്യമുണ്ട്. സംസ്ഥാന ഗവൺമെൻറിൽനിന്നുള്ള വായ്പകളെയാണ് ഇക്കാര്യത്തിൽ അവർ പ്രധാനമായും ആശ്രയിക്കുന്നത്. എന്നാൽ ഗവൺമെൻറിനുതന്നെ വമ്പിച്ച സാമ്പത്തിക പരാധീനതകൾ ഉള്ളതിനാൽ സംസ്ഥാന ഖജനാവിൽനിന്ന് ആവശ്യമായ സാമ്പത്തികസഹായം നൽകാൻ സാദ്ധ്യമാകാതെയാണിരിക്കുന്നത്. കേന്ദ്രഗവൺമെൻറ് 1966-ൽ നിയമിച്ച ''രൂറൽ-അർബൻ റിലേഷൻഷിപ്പ് കമ്മിറ്റി'' ഒരു മുനിസിപ്പൽ

LIBRARY ARCHIVES Kerala Legislative Assembly